(സി) പരിശോധനാവിഷയം എന്തായിരുന്നു;

(ഡി) ആരുടെ ഉത്തരവനുസരിച്ചാണ് എ. ഡി. ബി. ഉദ്യോഗസ്ഥൻമാർ ഈ ഓഫീസുകൾ സന്ദർശിച്ചത്;

(ഇ) ഏതെല്ലാം ഉദ്യോഗസ്ഥരാണ് ഓഫീസുകൾ സന്ദർശിച്ചത്;

(എഫ്) ഇതിൽ പ്രതിഷേധിച്ചവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഉണ്ട്. എ. ഡി. ബി. ഉദ്യോഗസ്ഥൻമാർ വിദ്യാഭ്യാസ ഡയറക്ടറേറ്റ് സന്ദർശിക്കുകയും അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നീ ഉദ്യോഗസ്ഥൻമാരുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. പരിശോധന നടത്തിയിട്ടില്ല. വിദ്യാഭ്യാസ വകുപ്പിലെ മറ്റ് ഓഫീസുകൾ ഒന്നുംതന്നെ സന്ദർശിക്കുകയോ ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല.

(സി) പരിശോധന നടന്നിട്ടില്ല. ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട വിഷയമായിരുന്നു ചർച്ച ചെയ്തത്.

(ഡി) ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്തുമുഖേനയാണ് സന്ദർശന വിവരം അറിയിച്ചത്

(ഇ) ഡോ. വാൾട്ടർ എ. എം. കൊൺക്കാമ, പ്രൊ. മഹേഷ്, സി. പുരോഗിത്.

(എഫ്) വിദ്യാഭ്യാസ വകുപ്പ് നടപടി ഒന്നും സ്വീകരിച്ചിട്ടില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

പ്രീ-പ്രൈമറി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

118 [670] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പ്രീ-പ്രൈമറി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് അംഗീകാരം നൽകേണ്ടത് എൻ. സി. റ്റി. ഇ. ആണോ അതോ സംസ്ഥാന സർക്കാരാണോ അതോ ഇവ രണ്ടും ചേർന്നാണോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

(സി) എൻ. സി. റ്റി. ഇ. അംഗീകാരമില്ലാത്ത ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിച്ച വിദ്യാർത്ഥികൾ പരീക്ഷാ ഭവന്റെ അനുമതിയോടെ പ്രസ്തുത പരീക്ഷ എഴുതിയിട്ടുണ്ട് എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) 1984 മുതൽ കഴിഞ്ഞ അദ്ധ്യയന വർഷം വരെ എത്രപേർ ഈ പരീക്ഷ പാസ്സായിട്ടുണ്ട്. ഇതിൽ എത്രപേർക്ക് 2003 ഡിസംബർ 31 വരെ ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവർക്ക് എത്ര വർഷത്തിനകം ജോലി നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ; ഇതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കോഴ്സ് പാസ്സായി നിൽക്കുന്ന മുഴുവൻ പേർക്കും ജോലി നൽകുന്നതുവരെ ഈ കോഴ്സ് നടത്തുന്നത് നിർത്തിവയ്ക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) 23

(ബി) സംസ്ഥാന സർക്കാരിന്റെ എൻ. ഒ. സി. യുടെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങളുടേയും എൻ. സി. റ്റി. ഇ. യുടെ മാനദണ്ഡങ്ങൾക്കും വിധേയമായി എൻ. സി. റ്റി. ഇ. അംഗീകാരം നൽകുകയാണ് ചെയ്യുന്നത്.

(സി) ഉണ്ട്. ഒ. പി. നമ്പർ 12718/01/(എൽ) കേസിലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അംഗീകാരമില്ലാത്ത ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിച്ച് പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടില്ല.

(ഡി) 1984 മുതൽ 2003 വരെ പരീക്ഷ പാസ്സായവരെ സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ല. പ്രസ്തുത കോഴ്സ് പാസ്സായ പലരും സർക്കാർ അംഗീകാരമില്ലാത്ത നേഴ്സറി സ്കൂളുകളിലും അൺ എയ്ഡഡ് സ്കൂളിനോട് അനുബന്ധിച്ച നേഴ്സറി ക്ലാസ്സുകളിലും ജോലി ചെയ്യുന്നുണ്ട്.

(ഇ) പരിഗണനയിലില്ല.

സർക്കാർ അംഗീകൃത കോഴ്സുകളും അവയുടെ ഫീസ് നിരക്കുകളും

119 [671] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വിവിധ വിഭാഗങ്ങളിലെ സർക്കാർ അംഗീകൃത കോഴ്സുകൾ ഏതൊക്കെയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly